പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 204 — 17.02.2016 ൽ മറുപടിക്ക്

## ഓപ്റ്റിക്കൽ ഫൈബർ കേബിൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ. ബി. സത്യൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ഐ.ടി. വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക നഷ്ടം വരുത്തുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അവഗണിച്ച് സംസ്ഥാന ഐ.ടി. വകുപ്പ് മാർഗ്ഗനിർദ്ദേശം നല്കിയത് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ;<br><br>സി) എങ്കിൽ സംസ്ഥാനത്തിന് വൻ നഷ്ടം വരുത്തുന്ന നിലയിൽ തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>ഡി) ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പായി വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടായിരുന്നുവോ; വിശദാംശം വെളിപ്പെടുത്താമോ ? | (എ), ബി), സി) & ഡി) സംസ്ഥാനത്ത് ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് 15.09.2015-ലെ G.O (Ms) 39/15/ITD നമ്പർ ഉത്തരവ് പ്രകാരം ഐ.ടി. വകുപ്പ് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതല്ല. എന്നാൽ ടി ഉത്തരവ് പ്രകാരം സർക്കാരിന് അധിക വരുമാനം ഉണ്ടാകുന്ന തരത്തിലാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന്റെ 2013 ഓഗസ്റ്റ് 6/7 തീയതിയിലെ RW/NH 33044/27/2005/S&R(R)(Pt) നമ്പർ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭൂമിക്കടിയിലൂടെ കേബിൾ ഇടുന്നതിന് യാതൊരു വിധത്തിലുമുള്ള charges, levy, lease rents, license fee, free bandwidth, revenue share, cashless equity എന്നിവ ഈടാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിലോമീറ്ററൊന്നിന് 75,000/- രൂപ ഒറ്റത്തവണ ചാർജ്ജ് നൽകണമെന്നും കൂടാതെ സൗജന്യ ബാൻഡ് വിഡ്ത്തും നൽകണമെന്നും ഉള്ള വ്യവസ്ഥകൾ കേരള സർക്കാർ അധികമായി ഉൾപ്പെടുത്തുകയാണുണ്ടായത്. മന്തിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് RoW അനുമതി നൽകുന്നതിന് കിലോമീറ്ററൊന്നിന് 75,000/- രൂപ ഈടാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ